"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 29/10-1ൽപ്പെട്ട, സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയ 13.36 ആർ ഭൂമി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 10 വർഷത്തേയ്ക്ക് KSEBയ്ക്ക് പാട്ടത്തിനു അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.227/2024/RD തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:- 1. കെ.എസ്.ഇ.ബി വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19/08/2020ലെ നം. DB/ESDVJD/20-21 നമ്പർ കത്ത്.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 22/08/2023-ലെ LR/1346/2021-LR(J6) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സബ്ഡിവിഷനു കീഴിലുള്ള കല്ലറ, വാമനപുരം പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം സുഗമമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വാമനപുരം വില്ലേജിൽ സർവ്വേ നമ്പർ 2318/1ൽ ഉൾപ്പെട്ടതും മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിൽ ഉള്ളതുമായ ഭൂമി KSEBയ്ക്ക് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിക്കുവാൻ സൂചന 1 പ്രകാരം വെഞ്ഞാറമൂട് ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

2. തുടർന്ന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ടി ഭൂമി കെ.എസ്.ഇ.ബി ക്ക് നൽകുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പിന് ആക്ഷേപമൊന്നുമില്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ഭൂമി സർക്കാർ പുറമ്പോക്കിലേക്ക് മാറ്റി, റവന്യൂ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് റവന്യൂ റിക്കാർഡുകളിൽ മാറ്റം വരുത്തിയെന്നും, ഭൂമി കെ.എസ്.ഇ.ബിയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് 2023ലെ ന്യായവിലയായി ഒരു ആറിന് 33,000/- രൂപ കണക്കാക്കിയിട്ടുള്ളതും, ടി ന്യായവില ജി.ഒ.(പി) നം.96/2016/RD തീയതി 06/02/2016 പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള 2% നിരക്കിലുള്ള പാട്ടനിരക്ക് എന്നിവ അടിസ്ഥാനപ്പെടുത്തി, ടി 13.06 Are (33 സെന്റ്) ഭൂമിക്ക് വാർഷിക പാട്ടമായി 19445/- രൂപ കണക്കാക്കി, 3 വർഷത്തേക്കുള്ള പാട്ടം മുൻകൂറായി നൽകണമെന്നുള്ള വ്യവസ്ഥയോടെ പാട്ടത്തിന് അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ സൂചന 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിൽ ഈടാക്കേണ്ട പാട്ടം പ്രതിവർഷം 17,635/- രൂപയാണ് എന്ന് കണ്ടെത്തുകയുണ്ടായി. ടി സാഹചര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ

ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 29/10-1ൽപ്പെട്ട, സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയ 13.36 ആർ ഭൂമി 17,635/- രൂപ വാർഷിക പാട്ട നിരക്കിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ആദ്യഘട്ടമെന്ന നിലയിൽ 10 വർഷത്തേയ്ക്ക് KSEBയ്ക്ക് പാട്ടത്തിനു അനുവദിച്ച് ഉത്തരവാകുന്നു. തുടർന്ന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ സംരംഭമെന്ന നിലയിൽ പരമാവധി 50 വർഷത്തേക്ക് ദീർഘിപ്പിച്ചു നല്കാവുന്നതുമാണ്.

i. ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവൂ ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ ദുരുപയോഗപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;
iii. ഭൂമി ഉപപാട്ടത്തിന് /തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;
iv. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചുനിർത്തേണ്ടതാണ്
v. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;
vi. ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് ;
vii. മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. പാട്ടതുക ഒടുക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്;
viii. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;
ix. ഒരു വർഷത്തിൽക്കൂടുതൽ പാട്ടക്കാലാവധി നിശ്ചയിച്ചിട്ടുള്ള പാട്ടക്കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്;
x. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനഃനിക്ഷിപ്തമാകുന്നതാണ്.

4. മേൽ വിഷയത്തിൽ തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡീഷണൽ സെക്രട്ടറി

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്. ഇ.ബി, വെഞ്ഞാറമൂട്, തിരുവനന്തപുരം.
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഊർജ്ജ (സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sindhu L V
Date: 19-11-2024 11:14:46

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ,യ്ക്ക്